# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7611 — 15-07-2014-ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;<br><br>ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | എയും, ബിയും, സിയും<br><br>ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിയ്ക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 06.07.2012-ലെ ജി.ഒ.(എം.എസ്) നം.174/12/ ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 02.09.2013-ലെ ജി.ഒ.(എം.എസ്)നം.249/13/ ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽത്തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 02.06.2014 ലെ ജി.ഒ.(എം.എസ്)നം.131/2014/ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ